കേരളത്തിലെ മുസ്ലീങ്ങൾ ഒ.ബി.സി. പട്ടികയിൽ

46 (1595) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ 9-3-1996-ലെ 12011/96/94/BCC നമ്പർ തീരുമാനപ്രകാരം കേരളത്തിലെ മുസ്ലീങ്ങളെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഒ.ബി.സി. പട്ടികയിൽ ഇപ്രകാരം മുസ്ലീങ്ങളെ '39A Other Muslims' excluding (i) Bohra (ii) Cutchi Meman (iii) Navayath (iv) Turukkan (v) Dhakui Muslim എന്നാണ് ചേർത്തിട്ടുള്ളത് എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യം സർക്കാരിന്റെ 26-6-1996-ലെ 13233/എഫ്1/95/എസ്.സി. എസ്.ടി.ഡി.ഡി. നമ്പർ സർക്കുലറിലൂടെ എല്ലാ വകുപ്പ് മേധാവികളെയും തഹസിൽദാർമാരെയും അറിയിച്ചിട്ടുണ്ടോ ;

(ഡി) എന്നാൽ കേരളത്തിലെ ബഹുഭൂരിപക്ഷം തഹസിൽദാർമാരും ഇപ്പോഴും സർട്ടിഫിക്കറ്റുകളിൽ Islam-Muslim എന്നിങ്ങനെയാണ് ചേർക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കേന്ദ്ര സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും ഇപ്രകാരമുള്ള ജാതി-നോൺക്രീമീലെയർ സർട്ടിഫിക്കറ്റുകൾ അംഗീകരിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇതു കേരളത്തിലെ മുസ്ലീങ്ങൾക്ക് തൊഴിൽ രംഗത്തും വിദ്യാഭ്യാസ രംഗത്തുമൊക്കെ സംവരണാനുകൂല്യം നഷ്ടപ്പെടുത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ദേശീയ പിന്നോക്ക വിഭാഗ കമ്മീഷൻ ഈ അപാകത തിരുത്തുന്നതിന് സംസ്ഥാന സർക്കാരിന് പലതവണ നിർദ്ദേശം നൽകിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) എന്നിട്ടും ഇപ്പോഴും ഇതു തിരുത്തപ്പെടാത്തകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഐ) എങ്കിൽ ക്രീമിലെയർ സർട്ടിഫിക്കറ്റിൽ 'Other Muslims [excluding (i) Bohra (ii) Cutchi Memon (iii) Navayath (iv) Turukkan (v) Dhakui Muslim] vide S1. No. 39A' എന്ന് ചേർത്ത് സർട്ടിഫിക്കറ്റുകൾ നൽകാൻ റവന്യൂ പിന്നോക്ക ക്ഷേമവകുപ്പുകൾക്ക് അടിയന്തര നിർദ്ദേശം നൽകുമോ ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്.

(സി) കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശം 26-3-1996-ലെ 13233/എ്ഫ്1/95/എസ്.സി.എസ്.ടി.ഡി.ഡി. നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ&എഫ്) ഉണ്ട്.

(ജി-ഐ) പരിശോധിച്ചുവരുന്നു.

റവന്യൂ വകുപ്പിലെ നിയമനങ്ങൾ

47 (1598) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പി.എസ്.സി. പരീക്ഷയെഴുതി റിസ്റ്റിൽ സ്ഥാനം പിടിച്ച ഉദ്യോഗാർത്ഥികളുടെ 2006-07, 2007-08, 2008-09, 2009-10, 2010-11 വർഷത്തെ എണ്ണം എത്രയുണ്ട് എന്ന് വിശദീകരിക്കുമോ ;

(ബി) ഏതെല്ലാം ഒഴിവുകളിലേക്കാണ് പ്രസ്തുത പരീക്ഷകൾ നടന്നത് എന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും റവന്യൂ വകുപ്പിൽ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ഡി) റവന്യൂ വകുപ്പിലെ ഏതെല്ലാം തസ്തികയിലേക്കാണ് പ്രസ്തുത നിയമനങ്ങൾ നടന്നത് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

വിവിധ വകുപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പുവരുത്താനുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്

48 (1599) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനായി 962 തസ്തികകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചുവോ ;

LIBRARY ARCHIVES Kerala Legislative Assembly